# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 423     04.06.2018 — ൽ മറുപടിക്ക്

# റേഷൻ വിതരണം

**ചോദ്യം**

**ശ്രീ. എ. എൻ. ഷംസീർ :**

റേഷൻ കടകളിൽനിന്നും മാവേലി സ്റ്റോറുകളിൽ നിന്നും വിറ്റഴിക്കുന്ന ഭക്ഷ്യവസ്തുക്കളും മറ്റും അർഹതപ്പെട്ടവരുടെ കൈകളിൽ തന്നെയാണോ എത്തുന്നതെന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ മുഖേന യഥാർത്ഥ ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. ആയതിലൂടെ അർഹതപ്പെട്ടവർക്ക് തന്നെ റേഷൻ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാ ണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയ ശേഷം ഓരോ ട്രാൻസാക്ഷനും തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കടയിലെ സ്റ്റോക്ക് വിവരം, ഓരോ ട്രാൻസാക്ഷനും സംബന്ധിച്ച വിവരം, ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വിഹിതം തുടങ്ങിയ വിവരങ്ങൾ തത്സമയം അറിയാൻ കഴിയും.

സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും സബ്സിഡി അർഹമായ കരങ്ങളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വിൽപ്പനശാലകളിൽ പരിശോധനയും നടത്തി വരുന്നുണ്ട്.

*സെക്ഷൻ ഓഫീസർ*